(ഡി)&(ഇ) ദേശീയ പാതാ വിഭാഗത്തിന്റെ കീഴിൽ ഇപ്പോൾ നടന്നു വരുന്ന ബൈപ്പാസുകളുടെ ചെലവ് പൂർണ്ണമായും കേന്ദ്ര ഉപരിതല ഗതാഗത വകുപ്പാണ് വഹിക്കുന്നത്. നിരത്തുകളും പാലങ്ങളും വിഭാഗത്തെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

120 (504) റോഡുകളിലെ കുഴികൾ നികത്തുന്നതിനുള്ള നടപടി

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിസംബർ 31-നകം പൊതുമരാമത്ത് വകുപ്പ് റോഡുകളിലെ കുഴികൾ നികത്തുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തു തുക ആവശ്യമായി വരും എന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) മരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങളെ ടാറിന്റെ ലഭ്യതക്കുറവ് തടസ്സപ്പെടുത്തുന്നു എന്നത് സർക്കാരിനറിവുണ്ടോ;

(ഡി) എങ്കിൽ ഈ പ്രശ്നം എങ്ങനെ പരിഹരിക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എത്രയും പെട്ടെന്ന് റോഡിലെ കുണ്ടും കുഴിയും നികത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഏകദേശം 15 കോടി രൂപയോളം വേണ്ടിവരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി)&(ഡി) ടാറിന്റെ ദൗർലഭ്യം കാരണം ചിലയവസരങ്ങളിൽ പണികൾക്ക് കാലതാമസം നേരിടാറുണ്ടെങ്കിലും ഇത് പണികളെ ബാധിക്കാതിരിക്കുന്നതിനുള്ള മുൻകരുതലുകൾ എടുത്തുവരുന്നുണ്ട്.

121 (511) റോഡുകളുടെ വികസനം

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളുടെ വികസനത്തിന് എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പുതിയ പദ്ധതികൊണ്ടുള്ള ഉദ്ദേശലക്ഷ്യങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) രണ്ടായിരമാണ്ടിനെ വരവേൽക്കുന്നതിനു മുന്നോടിയായി പൊതുമരാമത്തു വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ)&(ബി) 1996-ാമാണ്ടിൽ 9000 കി.മീ. ദൈർഘ്യത്തിലുള്ള രാജപാതകളുടെയും മേജർ ജില്ലാ റോഡുകളുടെയും വികസനത്തിനുവേണ്ടിയുള്ള സാദ്ധ്യത പഠനം നടത്തുകയും അതിൽ 2810 കി.മീ. ദൈർഘ്യം വരുന്ന

LIBRARY ARCHIVES Kerala Legislative Assembly